**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T1529**

**01.11.2019- ൽ മറുപടിയ്ക്ക്**

# അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കൃഷിഭവനുകളിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്ക് കൃഷി ശാസ്ത്രത്തിലുള്ള ബിരുദമോ ഡിപ്ലോമയോ ഉള്ളവരുടെ അഭാവത്തിൽ മാത്രമാണ് അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഉള്ള വരെ പരിഗണിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 13.02.1995 ലെ ജി ഒ (എം. എസ്) നം. 35/95/കൃഷി സർക്കാർ ഉത്തരവ് പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകുന്ന ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉള്ളവരുടെ അഭാവത്തിൽ മാത്രമാണ് വി. എച്ച്. എസ് .ഇ. ക്കാരെ പരിഗണിക്കുന്നത്. 12.07.2019 ലെ ജി.ഒ (പി)നം. 93/19/കൃഷി ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമന രീതിയിൽ ഭേദഗതി വരുത്തിയ ഉത്തരവിലും കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും നൽകുന്ന Diploma in Agriculture / Diploma in Organic Agriculture എന്നിവരുടെ അഭാവത്തിലാണ് വി.എച്ച്.എസ്.ഇ. യോഗ്യതക്കാരെ പരിഗണിക്കുന്നത് എന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) പി.എസ്.സി. എഴുത്തുപരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഉള്ള ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ പുറകിൽ ആവുകയും കൃഷി ശാസ്ത്രത്തിലുള്ള ബിരുദമോ ഡിപ്ലോമയോ ഉള്ളവർ | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| | പി.എസ്.സി. എഴുത്തുപരീക്ഷയിൽ നാമമാത്രമായ മാർക്ക് നേടിയാൽ പോലും റാങ്ക് ലിസ്റ്റിൽ വി.എച്ച്.എസ്.സി.ക്കാർക്ക് മുമ്പിൽ ഇടം പിടിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ; | | |
| (സി) | സ്വാശ്രയ കോളേജുകളിൽ നിന്ന് ഉൾപ്പെടെ ഇപ്പോൾ ധാരാളം കൃഷി ബിരുദധാരികൾ പുറത്തുവരുന്നതിനാലും കൃഷി ഓഫീസർ പോലുള്ള തസ്തികകളിൽ മത്സരം ശക്തമായതിനാലും അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്ക് അഗ്രികൾച്ചർ ബിരുദ ധാരികൾ മുമ്പത്തേക്കാൾ കൂടുതൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടോ; | (സി) | നിലവിലില്ല. കൃഷി അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമന രീതി, 12.07.2019 ലെ സ. ഉ(കൈ) നം. 93/19/കൃഷി പ്രകാരം, ഭേദഗതി വരുത്തിയപ്പോൾ ബി. എസ്.സി (അഗ്രി) യോഗ്യതയുള്ളവരെ ഒഴിവാക്കിയിട്ടുണ്ട്. |
| (ഡി) | പുതിയ സാഹചര്യത്തിൽ ഉയർന്ന പഠനനിലവാരമുള്ള വി.എച്ച്.എസ്.സി.ക്കാർക്കുകൂടി നീതി ലഭിക്കുന്നതിനായി അഗ്രികൾച്ചർ ബിരുദം, അഗ്രികൾച്ചർ ഡിപ്ലോമ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് എന്നീ യോഗ്യതകൾ അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയ്ക്കുള്ള തുല്യയോഗ്യതയായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഇത് സംബന്ധിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**